# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1299** **31.10.2019 -ൽ മറുപടിയ്ക്ക്**

## സ്കൂളുകളിൽ കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.എൻ. വിജയൻ പിള്ള** | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്തെ സ്കൂളുകളിൽ ജനപ്രതിനിധികൾ വാങ്ങി നൽകിയതുൾപ്പെടെ ലക്ഷക്കണക്കിന് രൂപയുടെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും അറ്റകുറ്റപ്പണി നടത്താതെ നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) ഇല്ല; പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ.സി.ടി ഹാർഡ് - വെയർ ഉപകരണങ്ങൾ സർക്കാരിന്റെയും എം. പി, എം.എൽ.എ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഉൾപ്പെടെ ഫണ്ടുപയോഗിച്ച് വാങ്ങുന്നതിനുള്ള മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക, വിൽപ്പനാനന്തര സേവന വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച വിഷയങ്ങൾ പരിശോധിക്കുന്നതിനും മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട് . പ്രസ്തുത സാങ്കേതിക സമിതി പുറപ്പെടുവിച്ച മാർഗനിർദ്ദേശങ്ങളിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും നൽകുന്ന ഐ.സി.ടി ഹാർഡ്‌വെയർ ഉപകരണങ്ങൾക്ക് അഞ്ച് വർഷത്തെ വാറണ്ടിയും വിൽപ്പനാനന്തര സേവന വ്യവസ്ഥകളും കൃത്യമായി നിർദ്ദേശിച്ചിട്ടുണ്ട്. വാറണ്ടി കാലയളവിന് ശേഷം ഐ.സി.ടി ഉപകരണങ്ങൾക്ക് ഉണ്ടാകുന്ന കേടുപാടുകൾ പരിഹരിക്കുന്നതിന് കെൽട്രോണുമായി ചേർന്ന് കൈറ്റ് ഹാർഡ്‌വെയർ ക്ലിനിക്കുകൾ നടത്തുന്നുണ്ട്. |

ബി) സംസ്ഥാനത്തെ എല്ലാ സ്കൂളുകളും ഹൈടെക് ആക്കുന്ന സാഹചര്യത്തിൽ തുടർസേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ബി) പ്രൈമറി വിഭാഗം സ്കൂളുകൾ ഉൾപ്പെടെ സംസ്ഥാനത്തെ സർക്കാർ, എയിഡഡ് വിദ്യാലയങ്ങൾ ഹൈടെക് ആകുന്ന സാഹചര്യത്തിൽ സ്കൂളുകളിൽ ലഭ്യമാക്കുന്ന ഐ.സി.ടി ഉപകരണങ്ങൾ, ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ഷൻ, ഡിജിറ്റൽ പഠനവിഭവങ്ങൾ,സാങ്കേതികസംവിധാനങ്ങൾ , പഠന പ്രവർത്തനങ്ങൾക്ക് ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള പരിശീലനങ്ങൾ തുടങ്ങിയവയുടെ പ്രവർത്തനം തടസ്സപ്പെടാതിരിക്കാൻ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ഉപകരണങ്ങളെയും ഇന്റർനെറ്റിനെയും സംബന്ധിച്ച് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിന് ഓൺലൈൻ കംപ്ലയിന്റ് മാനേജ്മെന്റ് സിസ്റ്റം (kite.kerala.gov.in/support), കോൾസെന്റർ സംവിധാനം (1800 425 6200), ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ, ഇ-മെയിലിംഗ് സിസ്റ്റം (support@kite.kerala.gov.in), റവന്യൂ ജില്ലാ തലത്തിൽ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവനം തുടങ്ങിയവ ഏർപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ